## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **3450** 20.6.2018- ൽ മറുപടിയ്ക്ക്

## മടങ്ങിവരുന്ന പ്രവാസികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശത്ത് നിന്ന് മടങ്ങുന്ന പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) വിദേശത്ത് നിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM). സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായവും ബാങ്ക് വായ്പയും ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്. ഇതിന് നിയമ പ്രകാരം മൂലധന/പലിശ സബ്സിഡി നൽകി വരുന്നു.<br>ഈ പദ്ധതിയിൽ വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡവലപ്പ്മെൻ്റ് സഹായിച്ചു വരുന്നു.<br>തിരികെയെത്തി ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പ്രവാസി കുടുംബങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ 'സാന്ത്വന' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വാർഷിക വരുമാനം 1,00,000/-(ഒരു ലക്ഷം) രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ /കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗ ചികിത്സയ്ക്ക് പരമാവധി 50,000/- (അൻപതിനായിരം) രൂപയും പെൺമക്കളുടെ |

വിവാഹ ആവശ്യത്തിന് പരമാവധി 15,000/- (പതിനയ്യായിരം) രൂപയും മരണാനന്തര ധനസഹായമായി പരമാവധി 1,00,000/-(ഒരു ലക്ഷം) രൂപയും വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/-(പതിനായിരം) രൂപയും ധനസഹായം ഒറ്റത്തവണയായി നല്കി വരുന്നുണ്ട്.

ബി) ഈ പദ്ധതികളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ബി) നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് പദ്ധതിയിൽ ആകെ 52214 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7013 |
| കൊല്ലം | 5584 |
| പത്തനംതിട്ട | 1575 |
| ആലപ്പുഴ | 3544 |
| കോട്ടയം | 1867 |
| ഇടുക്കി | 606 |
| എറണാകുളം | 3865 |
| തൃശ്ശൂർ | 3237 |
| പാലക്കാട് | 2991 |
| കോഴിക്കോട് | 7499 |
| മലപ്പുറം | 6014 |
| കണ്ണൂർ | 3569 |
| കാസർഗോഡ് | 1530 |
| വയനാട് | 3320 |
| ആകെ | 52214 |

**സെക്ഷൻ ഓഫീസർ**